**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 210** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കുളത്തൂപ്പുഴ സി.എച്ച്.സിക്കും തെന്മല എഫ്.എച്ച്.സിക്കും ആംബുലൻസ്.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പുനലൂർ നിയോജക മണ്ഡലത്തിലെ 2026 - 27 വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ച് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർവ്വഹണ ചുമതലയിൽ കുളത്തൂപ്പുഴ സി.എച്ച്.സി. ക്കും തെന്മല എഫ്.എച്ച്.സി. ക്കും ഓരോ ആംബുലൻസ് വാങ്ങി നൽകുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

**<u>മറുപടി:</u>** 2026-27 വർഷത്തെ പുനലൂർ നിയോജക മണ്ഡലം എം.എൽ.എയുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി തെന്മല എഫ്.എച്ച്.സി യ്ക്കായി ആംബുലൻസ് വാങ്ങുന്നതിന് 15 ലക്ഷം രൂപയും കുളത്തൂപ്പുഴ സി.എച്ച്.സിയ്ക്കായി 23 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വിശദമായ എസ്റ്റിമേറ്റ്, നോൺ അസിസ്റ്റന്റ് സർട്ടിഫിക്കറ്റ്, തുടർപരിപാലന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു.

**(ബി)** നടപടി ക്രമങ്ങൾ പൂർത്തിയാക്കി ആശുപത്രികൾക്ക് ആംബുലൻസ് എന്ന് വാങ്ങി നല്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** നടപടികൾ പൂർത്തിയായാലുടൻ GeM പോർട്ടൽ മുഖാന്തിരം വാങ്ങുന്നതാണ്. നിലവിൽ GeM വഴി പർച്ചേസ് ചെയ്യുന്ന വാഹനങ്ങൾ ലഭിക്കുവാൻ 90 ദിവസത്തെ സമയം ആവശ്യമാണ്.

**സെക്ഷൻ ഓഫീസർ**